⇨ പ്രകടനത്തിൽ പങ്കെടുക്കണമെന്നുതന്നെയാണ് ഞാൻ കരുതുന്നത് ⇨

# ഗാഡ്ഗിൽ റിപ്പോർട്ടിനോട് യോജിച്ചും അല്പം വിയോജിച്ചും

മലനാട് കർഷകരുടെ പരാതികൾ ശ്രദ്ധിക്കാനും, അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവരുടെ ജനാധിപത്യാവകാശം സംരക്ഷിക്കാനും ഗാഡ്ഗിൽ റിപ്പോർട്ടിനെ അനുകൂലിക്കുന്ന പ്രക്ഷോഭകർ ശ്രമിച്ചില്ലെന്ന ഡോ. ടി.ടി. ശ്രീകുമാറിന്റെ (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2014 ജനുവരി 5) വിലയിരുത്തലിനോടുള്ള യോജിപ്പും വിയോജിപ്പും.

**ജെ. ദേവിക**

ഗാഡ്ഗിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിനെ തുടർന്ന് കേരളത്തിൽ പൊട്ടിപ്പുറപ്പെട്ട കലഹങ്ങൾ കൂടുതൽ വൈകാരിക ധ്രുവീകരണങ്ങൾക്ക് രൂപംകൊടുത്തുകൊണ്ട് തുടരുകയാണ്. ധ്രുവീകരണങ്ങളെ അത്രകണ്ട് വിശ്വാസത്തിലെടുക്കാത്ത പലരും ആശയക്കുഴപ്പത്തിലകപ്പെട്ടിരിക്കുന്നു. മലനാട്, ഇടനാട്, തീരദേശം എന്ന ഭേദമില്ലാതെ കേരളം ഒന്നാകെ അതീവഗുരുതരമായ പാരിസ്ഥിതിക ദുരന്തത്തിന്റെ വക്കിലാണെന്ന കാര്യം ഏവർക്കും അറിവുള്ളതാണ്. ഗാഡ്ഗിൽ റിപ്പോർട്ടിനെ കാല്പനികതയോടെ നോക്കിക്കാണാതെ, ചില ബുദ്ധിജീവികൾ മറുചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഈ സംവാദത്തിൽ ഇടപെടുകയും ആഴത്തിലുള്ള ആത്മപരിശോധനയ്ക്ക് വഴിയൊരുക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, കേരളത്തിലെ ആദിവാസി ദളിത് ഭൂസമരങ്ങളിൽ സമ്പാദിക്കപ്പെട്ട ഭൂമിയുടെ കൃത്യമായ പുനർവിതരണത്തിന്റെ ലക്ഷ്യങ്ങൾ ഈ റിപ്പോർട്ട് വേണ്ടത്ര ചർച്ച ചെയ്യുന്നില്ല എന്ന് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന ഒരു ലേഖനത്തിൽ (2014 ജനുവരി 05) ടി.ടി. ശ്രീകുമാർ ഉന്നയിക്കുന്നു. മലനാട് കർഷകരുടെ പരാതികൾ ശ്രദ്ധിക്കാനും, അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവരുടെ ജനാധിപത്യാവകാശം സംരക്ഷിക്കാനും ശ്രമിച്ചില്ലെന്ന് അദ്ദേഹം ആരോപിക്കുന്നു. സി.പി.എമ്മിനെയും കത്തോലിക്കാ പള്ളികളെയും വില്ലന്മാരായി ചിത്രീകരിക്കുകയും അവരുടെ സമരങ്ങളെ എതിർക്കുകയും ചെയ്യുന്നവരെ അദ്ദേഹം കുറ്റപ്പെടുത്തുന്നു. കർഷകർക്ക് അവരുടെ ആശങ്കകൾ തുറന്നുപറയാനുള്ള വിശാലമായ വേദികളുണ്ടാകണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. ചോദ്യങ്ങൾ അനവധി ബാക്കിയുണ്ടെങ്കിലും ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നടക്കുന്ന പ്രകടനത്തിൽ പങ്കെടുക്കണമെന്നുതന്നെയാണ് ഞാൻ കരുതുന്നത്. കൂടുതൽ വായിച്ചറിഞ്ഞതോടെ എന്റെ ധാരണകൾ ഏറെ മാറിയിരിക്കുന്നു. തുടർചർച്ചകളിലൂടെ കൂടുതൽ വ്യക്തമായ ബോധ്യങ്ങളിലെത്താൻ വേണ്ടി ചില ചോദ്യങ്ങളും വസ്തുതകളും മുന്നോട്ടു വയ്ക്കട്ടെ.

റിപ്പോർട്ട് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനോ വിതരണം ചെയ്യാനോ അതെഴുതിയവരോ, സർക്കാരോ തയ്യാറായതേയില്ല എന്നതിനാൽ ഗാഡ്ഗിൽ റിപ്പോർട്ടിനെത്തന്നെ സംശയിക്കേണ്ടതുണ്ട് എന്ന വാദം ആദ്യം പരിഗണിക്കാം. ഈ വാദത്തിൽ കഴമ്പുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, ജനങ്ങളു

കടപ്പാട്: കാഫില.ഓർഗ്
പരിഭാഷ: അജിതൻ

ടെ ദൃഷ്ടിയിൽ നിന്നും റിപ്പോർട്ടിനെ മറച്ചുവച്ച്, അതിനെ ഒരു നിശബ്ദമരണത്തിലേക്ക് എത്തിക്കുകയായിരുന്നു സർക്കാറിന്റെ താത്പര്യം. 2011 ആഗസ്റ്റിലാണ് പരിസ്ഥിതി മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത്. വിവരാവകാശ നിയമപ്രകാരം, കേന്ദ്ര വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെത്തുടർന്ന് 2013 മേയിൽ മാത്രമാണ് അത് പ്രസിദ്ധീകരിക്കപ്പെട്ടത്. ഒരഭിമുഖത്തിൽ കമ്മറ്റി അംഗമായ ഡോ.വി.എസ്. വിജയൻ അഭിപ്രായപ്പെട്ടത്, റിപ്പോർട്ട് വിതരണം ചെയ്യണമെന്ന് അഗ്രമുണ്ടായിരുന്നെങ്കിലും അവർക്ക് അതിനുള്ള അനുവാദം-കോപ്പികൾ-പോലും നിഷേധിക്കുകയായിരുന്നു എന്നാണ്. റിപ്പോർട്ടിന്റെ പരിഭാഷകൾ ലഭ്യമാക്കുന്നതിൽ സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടായ അലംഭാവത്തെയും അദ്ദേഹം കുറ്റപ്പെടുത്തി. സർക്കാരിന് ഈ റിപ്പോർട്ട് നടപ്പാക്കാൻ ധൃതിയൊന്നുമുണ്ടായിരുന്നില്ല എന്നത് വ്യക്തമാണ്. അതിൽ എനിക്ക് അദ്ഭുതമില്ല. കാരണം, 'വളർച്ചക്ക് വിഘ്നം' നിൽക്കുന്നു എന്നാരോപിച്ച് ജയറാം രമേഷിനെ 2011-ൽ ത്തന്നെ പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും മാറ്റിയിരുന്നല്ലോ.

തീരദേശ സംരക്ഷണ സമരകാലത്തും വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ മലയാള പരിഭാഷ ഏറെ സമ്മർദ്ദത്തിനുശേഷമാണ് ലഭിച്ചതെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ നേതാവ് ടി. പീറ്റർ പറഞ്ഞിട്ടുണ്ട്. രണ്ടു സംഭവങ്ങളെയും ഞാൻ താരതമ്യം ചെയ്യുകയല്ല. പക്ഷേ റിപ്പോർട്ട് സമർപ്പിക്കപ്പെട്ട ശേഷം ആദിവാസി സംഘടനകളുടെയോ, കർഷക സംഘടനകളുടെയോ ഭാഗത്ത് നിന്നും പരിഭാഷക്കുവേണ്ടിയുള്ള സമ്മർദ്ദം എന്തുകൊണ്ട് ഉയർന്നുവന്നില്ല എന്ന ചോദ്യം പ്രധാനമാണ്. ഇത്ര ഗൗരവത്തോടെ റിപ്പോർട്ട് ചർച്ച ചെയ്യപ്പെടുമെന്നോ പകൽവെളിച്ചം തന്നെ കാണുമെന്നോ ചിലപ്പോൾ അവർ കരുതിക്കാണില്ല. റിപ്പോർട്ട് സാങ്കേതികവും അക്കാദമികവും മാത്രമാണെന്നും കർഷകരുടെ ആഭിപ്രായങ്ങൾ പരിഗണിക്കാത്തതാണെന്നും വിമർശനമുണ്ട്. റിപ്പോർട്ടിലെ ശാസ്ത്രീയ നിഗമനങ്ങൾ അന്തിമമല്ലെന്നും നിലവിൽ സ്വീകാര്യമായ വാദങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണെന്നും പരാതിയുണ്ട്. ഇത് ശരിയാണ്. പക്ഷേ, ഒരു വിദഗ്ധ സമിതി റിപ്പോർട്ട് അങ്ങനെത്തന്നെയാണ് ആകേണ്ടത്. ബൗദ്ധിക സാമഗ്രികളുടെ തീർച്ചയില്ലായ്മ മാത്രമെ ശാസ്ത്രത്തിൽനിന്നും നമുക്ക് പ്രതീക്ഷിക്കാനാകൂ. പരിപൂർണ്ണമായ സത്യങ്ങൾ ഒരിക്കലും പ്രതീക്ഷിക്കേണ്ടതില്ല. ഗാഡ്ഗിൽ റിപ്പോർട്ട് വായിക്കുമ്പോഴും പൊതുചർച്ചകളിൽ പ്രചരിപ്പിക്കപ്പെടുന്ന കാര്യങ്ങൾ നോക്കുമ്പോഴും, പരിപൂർണ്ണ സത്യങ്ങൾ അവതരിപ്പിച്ച റിപ്പോർട്ട് എന്ന് കമ്മിറ്റി അംഗങ്ങൾ എവിടെയും പറഞ്ഞിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കരടു റിപ്പോർട്ട് ഒരു മാസമോ മറ്റോ ഇന്റർനെറ്റിലിട്ട്, അഭിപ്രായങ്ങൾ സ്വരൂപിച്ച ശേഷം മാത്രമെ അന്തിമരേഖക്ക് രൂപം നല്കാൻ പാടുള്ളൂ എന്ന് തങ്ങൾ നിർദ്ദേശിച്ചിരുന്നെങ്കിലും സർക്കാർ അത് തള്ളിക്കളഞ്ഞു എന്ന് മുകളിൽ സൂചിപ്പിച്ച അഭിമുഖത്തിൽ തന്നെ വി.എസ്. വിജയൻ പറയുന്നുണ്ട്. ജനാധിപത്യരീതിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനുള്ള ശാസ്ത്രീയ വിവരങ്ങൾ മാത്രമാണ് തങ്ങൾ നൽകിയതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അതിനർത്ഥം ആ വിവരങ്ങളത്രയും പിഴതീർന്നതാണെന്ന് അവകാശപ്പെട്ടിരുന്നില്ല എന്നുതന്നെയാണ്.

അത്തരം ചർച്ചകളൊന്നും നടന്നില്ല എന്നതാണ് സത്യം. പകരം പോർവിളികളും കാട്ടുതീ പോലെ പടർന്ന തെറ്റിദ്ധാരണകളും മാത്രമാണുണ്ടായത്. കത്തോലിക്കസഭയുടെയും രാഷ്ട്രീയ പാർട്ടികളുടെയും പ്രതികരണങ്ങളാണ് അന്തരീക്ഷം ഈവിധം ദുഷിപ്പിക്കുന്നതിന് കാരണമായതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ടി.ടി. ശ്രീകുമാർ പറയുന്നതുപോലെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ ചില അഭ്യുദയകാംക്ഷികൾ കർഷകരെ അധിക്ഷേപിച്ചു എന്നത് ശരിതന്നെയാണ്. പക്ഷേ അത് തിരിച്ചും സംഭവിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ തെറ്റായി അവതരിപ്പിക്കപ്പെട്ടു. ഔപചാരിക രാഷ്ട്രീയത്തിലെ ഏറ്റവും ശക്തരായ വിഭാഗങ്ങൾ കർഷകരുടെ പക്ഷത്തുണ്ടായിരുന്നു എന്നതും മറക്കാൻ പാടില്ല. 'കർഷകർ' എന്ന് വിശേഷിപ്പിച്ചുകൊണ്ട് പള്ളികൾ ആരെയാണ് സംരക്ഷിക്കാൻ ശ്രമിച്ചതെന്ന് കണ്ടുപിടിക്കാൻ നാം ശ്രമിച്ചില്ല. ദാരിദ്ര്യത്തിൽ നിന്നു കരകയറാൻ പുതിയ മേച്ചിൽപുറങ്ങൾ തേടിയവരുടെ പുതുതലമുറക്കാർ അതിവേഗം കൃഷിയേയും അവരുടെ ഗ്രാമങ്ങളെയും ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നാണ് മലബാറിലേക്കുള്ള സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളുടെ കുടിയേറ്റത്തെക്കുറിച്ച് പഠിച്ചിട്ടുള്ള വി.ജെ. വർഗ്ഗീസ് എന്നോട് പറഞ്ഞത്. കമ്പോളത്തിലെ അനിശ്ചിതാവസ്ഥയും കാലാവസ്ഥാവ്യതിയാനവുമാണ് മുഖ്യകാരണങ്ങൾ. ആദിവാസി കർഷകർ അവരുടെ ഭൂമിയിൽ നിന്നും അന്തസ്സിൽ നിന്നും അടർത്തിമാറ്റപ്പെട്ടു. കനത്തകീശകളുള്ള വൻകിട പ്ലാന്റർമാർ തീർച്ചയായും നി

ക്ഷിപ്ത താത്പര്യക്കാരാണ്. അവർക്ക് 'കർഷകൻ' എന്ന കാല്പനിക മേലങ്കിയുടെ ആവശ്യവുമില്ല.

ആദ്യകാല കുടിയേറ്റക്കാരുടെ പിന്തുടർച്ചക്കാരോ കവർച്ച ചെയ്യപ്പെട്ട ആദിവാസി കർഷകരോ അല്ല ഇവിടെ 'കർഷകർ' എന്ന അവകാശവാദം ഉന്നയിക്കുന്നത്. അവർ ഇപ്പോഴും കർഷകരായി തുടരുന്നുണ്ടെന്ന് വിശ്വസിക്കാൻ തക്കതായ തെളിവുകൾ നിലനിൽക്കുന്നില്ല. അതുതന്നെയാണ് ചിന്താക്കുഴപ്പമുണ്ടാക്കുന്നതും. ആദ്യകാല കുടിയേറ്റക്കാരുടെ രണ്ടാം തലമുറയിലെ ഒരു വിഭാഗമെങ്കിലും കൃഷിയെ പ്രാഥമിക ജീവിതമാർഗ്ഗമായി പരിഗണിക്കുന്നില്ലേ? അതോ, കൃഷി ഉപേക്ഷിച്ചുപോകുന്നതിനുള്ള സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിന് വേണ്ടി കടമെടുക്കുന്നതിനുള്ള ഒരു സ്രോതസ്സായാണോ അവർ ഭൂമിയെ കണക്കാക്കുന്നത്? വസ്തുത

> 40കളുടെ അവസാനമുണ്ടായ മലബാർ കുടിയേറ്റം ഏറെ വൈഷമ്യതകളുള്ളതായിരുന്നെങ്കിലും ഭക്ഷ്യപ്രതിസന്ധിക്ക് ഒരു പോംവഴി എന്ന നിലയിൽ കമ്മ്യൂണിസ്റ്റുകളും പള്ളിക്കാരും സർക്കാരും അതിനെ മനത്വവൽക്കരിച്ചിരുന്നു.ആ തലമുറയിലെ ചെറുകിട കർഷകർ ഏറെ ദരിദ്രരും യാതനകളനുഭവിച്ചവരുമായതുകൊണ്ട് പള്ളിയും പാർട്ടിക്കാരും അവരെ അകമഴിഞ്ഞ് സഹായിക്കുകയും ചെയ്തു

എന്തായാലും, അവർ ഉത്കണ്ഠാകുലരും സമരസന്നദ്ധരുമാകുന്നതിൽ ന്യായമുണ്ട്. എന്നാൽ ഈ രണ്ട് വസ്തുതകളും പരിഗണിക്കുമ്പോൾ ജനങ്ങൾക്ക് ഭൂമിയിൽ ഒരേ താത്പര്യമാണുള്ളതെന്ന് എങ്ങനെയാണ് പറയാനാകുന്നത്? വിരുദ്ധ താത്പര്യങ്ങളുള്ളവരെയെല്ലാം കർഷകരായിത്തന്നെ കരുതാനാകുമോ? കേരളത്തിലെ മലയോര ജില്ലകളിലെ ഭൂരിഭാഗം സ്ഥലങ്ങളും ഇന്ന് കൈവശം വച്ചിരിക്കുന്നതും ഉപയോഗിക്കുന്നതും ഇടനാടിലെയും തീരദേശത്തേയും പുതുപ്പണക്കാരാണെന്നും വർഗ്ഗീസ് എന്നോടു പറഞ്ഞിട്ടുണ്ട്. അവരും 'കർഷകർ' എന്നുതന്നെയാണ് അറിയപ്പെടുന്നത്. പ്രാഥമിക ജീവിതോപാധിയായി ഭൂമിയെ ആശ്രയിക്കുന്ന കർഷകർ ആരാണെന്ന് അടിയന്തിരമായി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഭൂമിയുടെ കമ്പോളവിലയല്ല, മറിച്ച് അതിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള സുസ്ഥിരതയെ പരിഗണിക്കുന്നവർക്കാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് ഗൗരവമായ ചോദ്യങ്ങൾ ഉയർത്താനാകുന്നത്. അവരുടെ വീക്ഷണങ്ങളാണ് അടിയന്തിരമായി പരിഗണിക്കപ്പെടേണ്ടത്. പള്ളിക്കാർ തുടങ്ങിവച്ച ഈ പരിസ്ഥിതിവിരുദ്ധ ഹിസ്റ്റീരിയയുടെ ബഹളങ്ങൾക്കിടയിൽ അവരുടെ ശബ്ദം കേൾക്കാനാകുന്നില്ലെന്നാണ് എന്റെ വിശ്വാസം. പള്ളി സ്വീകരിച്ചിട്ടുള്ള സംവാദരീതികൾക്ക് അവരുടെ വാദങ്ങളെ ഒരിക്കലും പരിഗണിക്കാനും കഴിയില്ല.

ദളിത് ആദിവാസി ഭൂവിതരണത്തിന്റെ സത്തയിൽ നിന്നും ഗാഡ്ഗിൽ റിപ്പോർട്ട് കാര്യമായി വ്യതിചലിക്കുന്നുണ്ടെന്ന് എനിക്കുറപ്പില്ല. എന്നിരിക്കിലും റിപ്പോർട്ട് ഇക്കാര്യത്തെ ഗൗരവത്തിലെടുത്തിട്ടില്ല എന്ന ശ്രീകുമാറിന്റെ വാദം ഒരുവേള ശരിയാണ്. ചെങ്ങറ സമരകാലത്ത്, സമരഭൂമിയിൽ കുടിൽകെട്ടി താമസിച്ചിരുന്നവർ സുസ്ഥിര കൃഷിക്കുവേണ്ടി എത്രത്തോളം ശ്രദ്ധിച്ചിരുന്നു എന്ന കാര്യം ഞാനോർക്കുന്നു. ഭൂമിയെ ഒരു നിർജ്ജീവ വിഭവമായി ലഘൂകരിക്കാതെ ജീവിക്കണം എന്നതിന് നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് ദളിത് ഹ്യൂമൻ റൈറ്റ് മൂവ്മെന്റിലെ സുഹൃത്തുക്കളും എടുത്തു പറയാറുണ്ട്. എന്തായാലും ഇക്കാര്യങ്ങൾ ഊഹിച്ചെടുക്കുകയല്ല, ജനാധിപത്യപരമായ ചർച്ചകളിലൂടെ വെളിപ്പെടുകയാണ് വേണ്ടതെന്ന് ശ്രീകുമാർ പറയുന്നത് പൂർണ്ണമായും ശരിയാണ്. നിയുക്ത പരിസ്ഥിതി ലോലപ്രദേശങ്ങൾ പ്രാബല്യത്തിൽ വരുമ്പോൾ ഭൂമിയുടെ മേലുള്ള അവകാശങ്ങളിൽ അദ്ദേഹം കണ്ടെത്തുന്ന അപകടങ്ങളിലും എനിക്കു സംശയങ്ങളുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങൾ തരംതിരിച്ചില്ലെങ്കിലും അത്തരം അപകടങ്ങൾ ഇന്ന് ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. സുദീർഘമായ ഒരു സമരത്തിന് അത് ഉദ്ഘോഷണം ചെയ്യുന്നുമുണ്ട്. എന്നാൽ ആ സമരത്തെക്കുറിച്ച് പ്രശ്നബാധിതരായ ജനങ്ങളൊന്നും പലപ്പോഴും ആകുലരല്ല എന്ന് കാണാം. ഫീൽഡ്‌വർക്കിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ചില തീരദേശമത്സ്യബന്ധന ഗ്രാമങ്ങൾ സന്ദർശിച്ചപ്പോൾ തദ്ദേശീയർ വാസസ്ഥലത്തിന് മേലുള്ള  അവരുടെ കൈവശാവകാശ രേഖകൾ ഞങ്ങൾക്ക് കാട്ടിത്തന്നു. സർക്കാർ ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ നഷ്ടപരിഹാരമൊന്നും കൂടാതെ ഒഴിഞ്ഞുമാറാൻ അവർ തയ്യാറാണെന്ന് ആ രേഖകളിൽ എഴുതിവച്ചിട്ടുണ്ട്. വരാൻ പോകുന്ന വിഴിഞ്ഞം തുറമുഖത്തിന് വളരെയടുത്താണ് ഈ സ്ഥലം. സി.ആർ.ഇസെഡ് പ്രഖ്യാപനവുമായി ഇതിന് ബന്ധമില്ലെന്നും ചില പ്രാദേശിക ഉദ്യോഗസ്ഥരുടെ അനാസ്ഥ

യാണ് ഇതിന് കാരണമെന്നും മത്സ്യത്തൊഴിലാളി നേതാവ് ടി. പീറ്റർ പറയുന്നു. വരാനിരിക്കുന്ന അപകടത്തെക്കുറിച്ച് കൈവശാവകാശികൾ ശ്രദ്ധാലുക്കളാണെങ്കിലും അവർക്ക് ഒരു കുലുക്കമില്ലാത്തതുപോലെ എനിക്കു തോന്നി. ഒരാൾ പറഞ്ഞു, "മുമ്പ് ഞങ്ങൾക്ക് ഒരുതുണ്ട് കടലാസുപോലുമുണ്ടായിരുന്നില്ല. ഇപ്പോൾ ഇതെങ്കിലുമുണ്ട്. പൂർണ്ണമായ അവകാശരേഖകൾക്കായി ഇനി സമരം ചെയ്യാമല്ലോ."

ഒരുകാര്യത്തിൽ മാത്രമാണ് ഗൗരവമാർന്ന ഒരു എതിരഭിപ്രായം എനിക്ക് ശ്രീകുമാറിനോടുള്ളത്. മലനാടൻ ജില്ലകളിലേക്കുള്ള കുടിയേറ്റത്തിന്റെ ചരിത്ര നിർമ്മിതിയിലാണ് ആ അഭിപ്രായവ്യത്യാസം. സ്വന്തം ഇച്ഛയാലും രാഷ്ട്രീയ കാരണങ്ങളാലുമാണ് 1930കളിൽ ജനങ്ങൾ മലനാടുകളിലേക്ക് നീങ്ങിയത് എന്നത് സത്യമാണ്. 1970വരെയുള്ള മുഴുവൻ കഥയും ഇതല്ല. 40കളുടെ അവസാനമുണ്ടായ മലബാർ കുടിയേറ്റം ഏറെ വൈഷമ്യതകളുള്ളതായിരുന്നെങ്കിലും ഭക്ഷ്യപ്രതിസന്ധിക്ക് ഒരു പോംവഴി എന്ന നിലയിൽ കമ്മ്യൂണിസ്റ്റുകളും പള്ളിക്കാരും സർക്കാരും അതിനെ മഹത്വവൽക്കരിച്ചിരുന്നു. ആ തലമുറയിലെ ചെറുകിട കർഷകർ ഏറെ ദരിദ്രരും യാതനകളനുഭവിച്ചവരുമായതുകൊണ്ട് പള്ളിയും പാർട്ടിക്കാരും അവരെ അകമഴിഞ്ഞ് സഹായിക്കുകയം ചെയ്തു. (ഹിന്ദു കുടിയേറ്റക്കാരെ ഗോത്ര ഭൂമികളിലേക്ക് കയറാൻ പ്രേരിപ്പിക്കുകയും മറ്റ് കുടിയേറ്റക്കാരെ വിമർശിക്കുകയും ചെയ്തുകൊണ്ട് വലുപക്ഷ ഹൈന്ദവ കാപട്യം, ഇന്നത്തെപ്പോലെ അന്നും പ്രകടമായിരുന്നു). കുടിയേറ്റ വിരുദ്ധ സമരങ്ങളിൽ തീർച്ചയായും ആദിവാസികളാണ് ശബ്ദം നഷ്ടപ്പെട്ട് ചുരുങ്ങിപ്പോയവർ. കുടിയേറ്റക്കാർ ഉല്പാദകരും, വിദേശനാണ്യം നേടിതരുന്നവരുമായതോടെ ആദിവാസികൾ വികസന വിരുദ്ധരും രാജ്യത്തിനാവശ്യമില്ലാത്തവരുമായി. കുടിയേറ്റക്കാർ, ഒരിക്കൽ ദരിദ്രരും അശരണരുമായിരുന്നു എന്നതുകൊണ്ട്, അവരുടെ പിന്തുടർച്ചക്കാരുടെ (അവർ യഥാർഥ കർഷകരാണെങ്കിൽപ്പോലും) ഇപ്പോഴത്തെ നടപടികൾ വിമർശനബുദ്ധി പരിശോധിക്കുന്നത് നിരർത്ഥകമാണെന്ന് പറയാനാകില്ല.

പഴയ തലമുറക്കാർ കുടിയേറ്റത്തിന് നിർബന്ധിതരായത് ഇടനാട്ടിലേയും തീരദേശത്തേയും നാടുവഴികൾ കാരണമായിരുന്നെങ്കിലും, അവിടങ്ങളിൽ ഇപ്പോൾ അധിവസിക്കുന്നവർ അതിന്റെ പേരിൽ വിമർശിക്കപ്പെടാൻ അർഹരല്ല. ഒരു പൊതുകാര്യത്തിൽ Y ഗുരുതരമായ വീഴ്ചകൾ വരുത്തിയിട്ടുണ്ടെന്ന് X ആരോപിക്കുന്നെന്ന് കരുതുക. അതിനെതിരെ X മറ്റൊരുകാര്യത്തിൽ, മറ്റൊരു സ്ഥലത്തും സമയത്തും പൊതുതാല്പര്യത്തെ ഹനിച്ചിട്ടുണ്ടെന്ന് Y പ്രത്യാരോപണം നടത്തുന്നുവെന്നുമിരിക്കട്ടെ. അത് X ന്റെ ആദ്യത്തെ ആരോപണത്തെ അസാധുവാക്കുമോ? ഗാഡ്ഗിൽ സമിതി റിപ്പോർട്ടിനെ പിന്തുണയ്ക്കുന്ന പലരും എതിരാളികളോട് ജനാധിപത്യവിരുദ്ധവും വികാരഭരിതവുമായ പ്രസ്താവനകൾ നടന്നിയിട്ടുണ്ടെന്നത് സത്യമാണ്. ഇടനാട്ടിലും തീരദേശത്തുമുള്ള പാരിസ്ഥിതിക ചൂഷണത്തിൽ അവരും പങ്കുവഹിച്ചിട്ടുണ്ടാകുമെന്നും കരുതുക. പക്ഷേ, അത് മലനിരകളിലെ പാരിസ്ഥിതിക ശോഷണത്തെക്കുറിച്ചുള്ള വിമർശനത്തെ ലഘൂകരിക്കുമോ? X ൽ അപമാനത്തിന്റെ ഒരു കണിക ജനിപ്പിക്കാനുള്ള തന്ത്രമായി ഒരാൾക്കിതുപയോഗിക്കാം. പക്ഷെ അത് ശരിയായ വാദമാണോ? 'നിങ്ങളും അങ്ങനെത്തന്നെ' എന്ന കപടവാദം ഒഴിവാക്കി, വിമർശനങ്ങളെ കൃത്യമായി രൂപപ്പെടുത്തുകയും ഉചിതമായി അവതരിപ്പിക്കുകയുമല്ലേ വേണ്ടത്? പരിധിയില്ലാത്ത പരിസ്ഥിതിനാശം അസാമാന്യ ദുരന്തങ്ങളിലേക്ക് ജനങ്ങളെ എത്തിക്കും എന്നത് വാസ്തവമല്ലേ?

ഖനനലോബികൾക്കും ചങ്ങാത്ത മുതലാളിത്തത്തിനും കീഴടങ്ങിയ ഇന്ത്യാഗവൺമെന്റിനെ പ്രകൃതി സംരക്ഷണത്തിന്റെ കാര്യത്തിൽ വിശ്വാസത്തിലെടുക്കാനാകുമോ എന്നും സംശയം ഉന്നയിക്കപ്പെടുന്നുണ്ട്. ഇതൊരു ധർമ്മ സങ്കടം തന്നെയാണ്. എങ്കിലും സർക്കാരിനെ ഒരു ഏകശിലാന്ദ്രമായി കരുതുന്നത് ബുദ്ധിപരമാകുമോ? ഇക്കാര്യത്തിൽ നമുക്ക് ആരെയും വിശ്വസത്തിലെടുക്കാനാവില്ലെന്നാണോ? ഇത്രയൊക്കെ വിഫലശ്രമങ്ങളുണ്ടായിട്ടും നമ്മളെന്തുകൊണ്ടാണ് ഇപ്പോഴും ഇന്ത്യാ ഗവൺമെന്റിനോട് പരാതിപ്പെടുന്നത്? അത് സ്ഥിരമായി അമേരിക്കയിലേക്ക് മാറ്റപ്പെട്ടില്ലെന്ന് ഉറപ്പുള്ളതുകൊണ്ടാണോ?

മനുഷ്യവിഭവ വികസനത്തെക്കുറിച്ച് കോട്ടയം ജില്ലയിൽ നടത്തിയ ഒരു പഠനം, അഞ്ചിലൊന്നു വീടുകൾ ഉപയോഗിക്കാതെ കിടക്കുന്നതായി കണ്ടെത്തിയിരുന്നു. അവയെല്ലാം അമേരിക്കപോലുള്ള വികസിത രാജ്യങ്ങളിൽ പൗരത്വമുള്ള എൻ.ആർ.ഐകളുടേതുമാണ്. കേരളത്തിൽ അവർക്ക് ഭൗതിക താത്പര്യങ്ങൾ ഒന്നുമില്ല. മലയോരജനതയിൽ രാജ്യാന്തര അഭിമുഖ്യം കൂടിവരുന്നു. കിട്ടാവുന്ന രേഖകൾ പ്രകരം, ധനിക 'കർഷ

കർ' രാജ്യാന്തര ബന്ധമുള്ളവരോ അതിനു ശ്രമിക്കുന്നവരോ ആണെന്നു കാണാം. അപ്പോൾ പ്രകൃതിയുടെ അതിജീവനത്തിനായി നാം ആരെയാണ് നിർബന്ധിക്കേണ്ടത്? എന്റെ അഭിപ്രായത്തിൽ എല്ലാ കർഷകരും ഇത്തരക്കാരല്ല. മലയോര ജില്ലകളിൽ ഭൂമിയുടെ ദീർഘകാല സുസ്ഥിരത കണക്കിലെടുക്കുന്നവരും കമ്പോളവില മാത്രം നോക്കുന്നവരുമുണ്ടാകാം. പള്ളിക്കാരുടെയും, പാർട്ടിക്കാരുടയും, ഇടനാട്ടിലെയും തീരദേശത്തെയും സ്ഥാപിത താത്പര്യക്കാരുടെയും അപശ്രുതികൾക്കുമേൽ യഥാർത്ഥ കർഷകരുടെ ശബ്ദം ഉയർന്നുകേൾക്കട്ടെ എന്ന് ഞാൻ ആശിക്കുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ചകൾ ഇനിയും മുന്നോട്ട് പോകണം എന്നതിനാൽ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്ന സെക്രട്ടേറിയറ്റ് മാർച്ചും നിർണ്ണായകമാണ്. ■

ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് പൊതുജനത്തിനുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി പീച്ചിയിലെ **കേരള വനഗവേഷണ പഠനകേന്ദ്രത്തിൽ** (കെ.എഫ്.ആർ.ഐ) ഒരു **ഹെൽപ്പ് ഡസ്ക്** 2013 നവംബർ മാസത്തിൽ പ്രവർത്തിച്ചിരുന്നു. സംശയനിവാരണമായിരുന്നു ഹെൽപ്പ് ഡസ്കിന്റെ ഉദ്ദേശമെങ്കിലും ഏറെപ്പേരും വിളിച്ചത് ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളോടുള്ള എതിർപ്പുകൾ രേഖപ്പെടുത്താനായിരുന്നു എന്ന് ഹെൽപ്പ് ഡസ്കിന്റെ പ്രവർത്തനം ക്രോഡീകരിച്ച ഗവേഷകരായ ബിന്ദുവും സൗമ്യയും പറയുന്നു. ഹെൽപ്പ് ഡസ്കിൽ ഒരു മാസത്തിനുള്ളിൽ വന്ന 260 ഫോൺവിളികൾ വിലയിരുത്തുമ്പോൾ ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ എവിടെയും പറയാത്ത വസ്തുതകളാണ് ഏറെയും സംശയങ്ങളായി ഉന്നയിക്കപ്പെട്ടതെന്ന് കാണാം. അഭ്യൂഹങ്ങൾ പൊതുമനസ്സിനെ സ്വാധീനിക്കും വിധം കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടു എന്നതിന് തെളിവാണ് ഹെൽപ്പ് ഡസ്കിലെത്തിയ ചോദ്യങ്ങൾ. കേരളീയം ആ ചോദ്യങ്ങൾ ഇവിടെ ക്രോഡീകരിക്കുന്നു. വായനക്കാർ വിലയിരുത്തുമല്ലോ?

| സംശയങ്ങൾ | ചോദ്യങ്ങളുടെ എണ്ണം | വിളിച്ചവരുടെ വിഭാഗം |
|---|---|---|
| സ്വന്തം പറമ്പിൽ കൃഷി തുടരാമോ? | 110 | സാധാരണജനങ്ങൾ, വാർഡ്മെമ്പർമാർ |
| സ്വന്തം സ്ഥലത്തെ മരങ്ങൾ മുറിക്കാമോ? | 28 | പ്ലാന്റർമാർ, സാധാരണ ജനങ്ങൾ |
| ഭൂമി കൈമാറ്റം നടക്കുമോ? | 30 | സാധാരണ ജനങ്ങൾ |
| ഭൂമിക്ക് വില കുറയുമോ? | 11 | കൃഷിക്കാർ, ഭൂവുടമകൾ, പ്ലാന്റർമാർ |
| സ്വന്തം ഭൂമിക്ക് നികുതി അടയ്ക്കണോ? | 110 | സാധാരണ ജനങ്ങൾ |
| വീടിന് പച്ച പെയിന്റ് അടിക്കേണ്ടിവരുമോ? | 98 | സാധാരണ ജനങ്ങൾ |
| കൃഷിഭൂമി വനഭൂമി ആക്കേണ്ടി വരുമോ? | 71 | സാധാരണ ജനങ്ങൾ |
| വന്യമൃഗങ്ങളെ നാട്ടിലേക്ക് ഇറക്കിവിടുമോ? | 38 | സാധാരണ ജനങ്ങൾ |
| ടൂറിസം, റിസോർട്ടുകൾ എന്നിവയെ ബാധിക്കുമോ? | 67 | ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ |
| കരിങ്കൽ ക്വാറി, മണൽ ഖനനം നടക്കുമോ? | 33 | ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ |
| സിമന്റ്, സ്റ്റീൽ എന്നിവ നിർമ്മാണത്തിന് ഉപയോഗിക്കാമോ? | 76 | എല്ലാ വിഭാഗത്തിലുമുള്ളവർ |
| അണക്കെട്ട്, റോഡ്, വിമാനത്താവളം എന്നിവ പരിസ്ഥിതി ലോലമേഖലയിൽ അനുവദിക്കുമോ? | 56 | എല്ലാ വിഭാഗത്തിലുമുള്ളവർ |
| ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ പരിസ്ഥിതി ലോല മേഖലകളെ സംബന്ധിച്ച് | 150 | മാധ്യമപ്രവർത്തകരടക്കം എല്ലാവരും |

**മറ്റുള്ളവ:** വയനാട്-മൈസൂർ റോഡ് അടച്ചത്, പഞ്ചായത്തിലെ പ്രശ്നങ്ങൾ, സർക്കാറുമായി ബന്ധപ്പെട്ട വ്യക്തിപരമായ പ്രശ്നങ്ങൾ എന്നിവ പറയാൻ സാധാരണ ജനങ്ങളുടെയും വാർഡ് മെമ്പർമാരുടേതുമായി എട്ട് ഫോണുകൾ വന്നു. സാധാരണക്കാർ, നിയമാപദേശകർ, വാർഡ് മെമ്പർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, ഭൂവുടമകൾ, പ്ലാന്റർമാർ എന്നീ വിഭാഗങ്ങളിൽ നിന്നായി നിരവധി പേർ റിപ്പോർട്ട് ആവശ്യപ്പെട്ട് വിളിച്ചു. 40 കോപ്പികൾ അയച്ചു.